LIBRARY ARCHIVES Kerala Legislative Assembly

ഡാം ഡീസിൽട്ട് പദ്ധതി

257 (602) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കളിമണ്ണ് വ്യവസായം സംരക്ഷിക്കുന്നതിനായി ഡാം സീസിൽട്ട് ചെയ്യുന്ന പദ്ധതി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോമളപുരം സ്പിന്നിംഗ് മിൽ

258 (603) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമളപുരം സ്പിന്നിംഗ് മിൽ ഉൽപ്പാദന പ്രവർത്തനം ആരംഭിക്കാതിരിക്കാൻ കാരണമെന്താണ് ; വ്യക്തമാക്കുമോ ;

(ബി) ഉൽപ്പാദനം എന്നേത്തേക്ക് ആരംഭിക്കാൻ സാധിക്കും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കോമളപുരത്ത് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണി പൂർത്തിയാക്കി ട്രയൽ റൺ ചെയ്ത പദ്ധതിയാണ് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. താഴെപ്പറയുന്ന കാരണങ്ങൾമൂലം മില്ലിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

1. യന്ത്രങ്ങൾ

പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളിൽ ആറ് കോൺവൈന്റിംഗ് മെഷീനുകളും ഒരു സിംപ്ലക്സ് മെഷീനും വാർപ്പ് ടൈയിംഗ് മെഷീനും ഫാബ്രിക് ഫോൾഡിംഗ് ആന്റ് പ്ലേറ്റിംഗ് മെഷീനും സ്ഥാപിക്കേണ്ടതുണ്ട്.

2. വൈദ്യുതി കണക്ഷൻ

പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ല.